II ഇ.ബി. XIV - കേരള നിയമസഭ/XXII-5

# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജനുവരി 20, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9(*151 ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം നടത്തിപ്പ്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള നടപടിക്രമങ്ങളിൽനിന്നും പിന്തിരിയണമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിയോടും അഭ്യർത്ഥിച്ചിരുന്നതായും എന്നാൽ ഇതുൾപ്പെടെ രാജ്യത്തെ വിവിധ വിമാനത്താവളങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ കേന്ദ്രം ത്വരിതപ്പെടുത്തിയിരിക്കുകയാണെന്നും സഭയെ അറിയിച്ചു. കേന്ദ്രത്തിന്റെ ഈ നീക്കം ചെറുക്കുന്നതിന്റെ ഭാഗമായി KSIDC-യുടെ നേതൃത്വത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (റ്റിയാൽ) രൂപീകരിച്ച് മത്സരാധിഷ്ഠിത ലേലത്തിൽ പങ്കെടുക്കുകയും അദാനി ഗ്രൂപ്പ് ലേലത്തിൽ

ക്വാട്ട് ചെയ്ത തുകയ്ക്കുതന്നെ റ്റിയാൽ ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിക്കുകയും ചെയ്തെങ്കിലും അനുകൂല തീരുമാനങ്ങൾ കേന്ദ്രം കൈക്കൊണ്ടിട്ടില്ല. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും നിരവധി ആഭ്യന്തര-അന്താരാഷ്ട്ര വിമാന സർവ്വീസുകൾ ആരംഭിക്കുകവഴി യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഫുഡ് & ബിവറേജസ് സ്റ്റാളുകൾ, റീട്ടെയിൽ ഔട്ട്ലെറ്റുകൾ, കൊമേഴ്സ്യൽ ലൗഞ്ചുകൾ വൈ-ഫൈ സംവിധാനം, ആർട്ട് ഗാലറി എന്നിവ സ്ഥാപിച്ചും ഡ്യൂട്ടി ഫ്രീ ഷോപ്പുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചും വിമാനത്താവളത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്. ഇതിനുപുറമെ ഫൈവ് സ്റ്റാർ ഹോട്ടൽ, ഇന്റർ നാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, ഷോപ്പിംഗ് ആർക്കേഡ്, റസ്റ്റോറന്റ്, സ്കൈ ഷോപ്പിംഗ്, ബാർ റസ്റ്റോറന്റ്, എം.ആർ.ഒ. എന്നിവയ്ക്കുള്ള ടെണ്ടർ നടപടികളും പുരോഗമിക്കുകയാണ്. 12,000 മെട്രിക് ടൺ ശേഷിയുള്ള കാർഗോ കോംപ്ലക്സ് പ്രവർത്തനസജ്ജമാക്കുകയും 55,000 മെട്രിക് ടൺ ശേഷിയുള്ള കാർഗോ കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അഡ്മിൻ ബ്ലോക്കിന്റെ പ്രവൃത്തിയും ഡേ ഹോട്ടൽ നിർമ്മാണവും ഉടൻ

പൂർത്തിയാക്കുന്നതാണ്. വിമാനത്താവളത്തിന്റെ റൺവേ ദീർഘിപ്പിക്കുന്നതിനും ഡിഫൻസ്, എം. ആർ. ഒ. എന്നിവയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനും ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ശബരിമല എയർപോർട്ട് നിർമ്മാണം പുരോഗമനാവസ്ഥയിലാണെന്നും കോഴിക്കോട് വിമാനത്താവളത്തിൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് പുനഃസ്ഥാപിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

10(*152 &*157) <u>കോവിഡ് വാക്സിൻ വിതരണം</u>

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, 2021 ജനുവരി 16-ാം തീയതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ആരോഗ്യസ്ഥാപനങ്ങളിൽ കോവിഡ് വാക്സിനേഷൻ ആരംഭിച്ചുവെന്നും ഇതിനായി 133 കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ടെന്നും കോവിഷീൽഡ് വാക്സിനാണ് ഇതിനായി ഉപയോഗിക്കുന്നതെന്നും സഭയെ അറിയിച്ചു. കോവിൻ എന്ന പോർട്ടൽ വഴി 3,74,603 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും

ആദ്യഘട്ടത്തിൽ ആശുപത്രി ജീവനക്കാർ, ആരോഗ്യപ്രവർത്തകർ എന്നിവർക്കാണ് വാക്സിനേഷൻ നൽകുന്നതെന്നും ആകെ 4,33,450 ഡോസ് വാക്സിനുകൾ വിതരണം ചെയ്തുവരുന്നതായും മന്ത്രി പറഞ്ഞു. പോലീസ്, സൈനികർ എന്നിവർ ഉൾപ്പെടെയുള്ള മുൻനിര പ്രവർത്തകർക്ക് രണ്ടാം ഘട്ടത്തിലും 50 വയസ്സിനുമേൽ പ്രായമുള്ളവർക്കും ഡയബറ്റിസ്, രക്തസമ്മർദ്ദം, ക്യാൻസർ, ശ്വാസകോശ രോഗം എന്നിവ ബാധിച്ച 50 വയസ്സിൽ താഴെയുള്ളവർക്ക് മൂന്നാം ഘട്ടത്തിലും വാക്സിനേഷൻ നൽകുന്നതാണ്. വാക്സിന്റെ പ്രതിരോധശക്തിയെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും ബ്രിട്ടനിൽനിന്നും കേരളത്തിലെത്തിയ 9 പേരിൽ ജനിതകമാറ്റം വന്ന രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളതിനാലും വാക്സിൻ സ്വീകരിച്ചതിനുശേഷവും കോവിഡ് മാനദണ്ഡങ്ങൾ തുടരേണ്ടതാണെന്ന് മന്ത്രി അറിയിച്ചു. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങളുടെ ഭാഗമായി എയർപോർട്ടുകളോടനുബന്ധിച്ചുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുകയും വിദേശങ്ങളിൽ നിന്നെത്തുന്ന യാത്രക്കാർ www.newdelhiairport.in എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യുകയും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന നിർദ്ദേശം

നൽകുകയും ചെയ്തിട്ടുണ്ട്. മരുന്നുകൾ, സുരക്ഷാ ഉപകരണങ്ങൾ, ജീവൻരക്ഷാ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുള്ളതുകൂടാതെ കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമാണ്. വാക്സിൻ സ്വീകരിച്ചവർക്ക് ഗുരുതര പാർശ്വഫലങ്ങളൊന്നുമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും വാക്സിനേഷന് വിമുഖത കാണിക്കുന്നവർക്ക് ബോധവൽക്കരണം നൽകുന്നതാണെന്നും ഓൺലൈൻ പോർട്ടലിലൂടെ മരുന്ന് ബുക്ക് ചെയ്യുമ്പോഴുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ടെന്നും വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങളുടെയും പൊതുജന പങ്കാളിത്തത്തിന്റെയും ഫലമായി സംസ്ഥാനത്ത് രോഗവ്യാപനം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും കാസർഗോഡ് ടാറ്റ നിർമ്മിച്ച് നൽകിയ ആശുപത്രിയിൽ 195 പോസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.